**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229** **14-02-2024 - ൽ മറുപടിയ്ക്ക്**

**വന സംരക്ഷണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്ന നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നതിന്റെ ഭാഗമായി വനം കൈയേറ്റം തടയുന്നതിനും വനാതിർത്തി സംരക്ഷിക്കുന്നതിനുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചു പൂർത്തീകരിച്ചു വരുന്നു. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ് റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്ന നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് വനാതിർത്തി ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഒരു ( STANDARD Operating Procedure (sop) തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേരള സർക്കാരിന്റെ സർവ്വെ & ലാന്റ് റെക്കോർഡ്സ് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റലൈസ്ഡ് സർവ്വേയുടെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് മിനിസർവ്വെ ഓഫീസിൽ ഏറ്റവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വനമേഖലകളിൽ നിരന്തരമായ പട്രോളിംഗ്, വർണറബിൾ ഏരിയ മാപ്പിംഗ്, ക്യാമറാ ട്രാപ്പിംഗ് എന്നിവയും മറ്റു പരിശോധനകളും നടത്തി വരുന്നു. പട്രോളിംഗിന് Mstripes എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും ആയതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നതുമൂലം സമീപവർഷങ്ങളിലുണ്ടായ മുഴുവൻ കയ്യേറ്റശ്രമങ്ങളും പരാജയപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി സമൂഹം ഉൾപ്പടെയുള്ള വനാശ്രിതരും, തദ്ദേശവാസികളും |

| | | | |
|---|---|---|---|
| | | | അംഗങ്ങളായിട്ടുള്ള ഇ.ഡി.സി.കളുടെ സജീവ പങ്കാളിത്തത്തോടെ വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. |
| (ബി) | വന സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമ്പോഴും വനാന്തരങ്ങളിൽ താമസിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ കൂടുതൽ വിജയകരമായി നടത്തുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വനത്തിനുള്ളിൽ താമസിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി വിവിധ പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വന സംരക്ഷണ, വനവൽക്കരണ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് 1988-ലെ ദേശീയ വന നയത്തിന്റെ ഭാഗമാണ്. ഇതിന്റെ ഭാഗമായി 1998 മുതൽ കേരളത്തിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഇതിനായി വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ച 36 വന വികസന ഏജൻസികൾക്ക കീഴിലായി 427 വന സംരക്ഷണ സമിതികളും (VSSs), 213 ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികളും (EDCs ) രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി (GIM), നഗർ വൻ യോജനയ്ക്ക് കീഴിലെ പദ്ധതികൾ, വൻ ധൻ വികാസ് യോജനയ്ക്ക് (VDVK) കീഴിലെ പദ്ധതികൾ MSP for MFP പദ്ധതി ഉടങ്ങിയ വനസംരക്ഷണ /വനവൽക്കരണ പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്.<br><br>വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനം വകുപ്പ് നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് "ഇക്കോട്ടൂറിസം." കേരളത്തിൽ നിലവിൽ 71 അംഗീകൃത ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. അതാത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDC കളാണ് ടി ഇക്കോട്ടൂറിസം പദ്ധതിയുടെ നടത്തിപ്പ് പരിപാലന ചുമതലകൾ നിർവഹിക്കുന്നത്. ഇക്കോട്ടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷക്കായും പദ്ധതി പ്രദേശത്തിലെ മാലിന്യ നിർമാർജ്ജനത്തിനും പരിപാലനത്തിനുമായി 2100 സമിതി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചു വരുന്നു. ഇതിലൂടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക്, പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിത നിലവാരം ഉയരുന്നതിനും സഹായകരമാകുന്നു.<br><br>കേരളത്തിലെ വനങ്ങളിൽ ലഭ്യമാകുന്ന ചെറുകിട വന വിഭവങ്ങളുടെ ശേഖരണവും വിപണനവുമാണ് വനാശ്രിതരായ ആദിവാസികളുടെ പ്രധാന ഉപജീവന മാർഗം. വനത്തിൽ നിന്നും |

ആദിവാസികൾ ശേഖരിക്കുന്ന വന വിഭവങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധനവ് നടത്തി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ "വനശ്രീ" പദ്ധതി വഴി വിപണനം ചെയ്യുന്നു. ഇതിലൂടെ മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ തങ്ങളുടെ വന വിഭവങ്ങൾ ആദിവാസി സമൂഹത്തിന് വിപണനം ചെയ്യുന്നതിനും അതിലൂടെ ടി വിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും അങ്ങനെ അവരുടെ ജീവിത നിലവാര ഉയർച്ചക്ക് ഉതകുകയും ചെയ്യുന്നു.

കൂടാതെ സംസ്ഥാനത്തെ വന പ്രദേശങ്ങളിൽ നടപ്പാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ 50% പ്രവർത്തനങ്ങൾ VSS/EDC കൾ വഴിയാണ് നടപ്പാക്കുന്നത്. വനാശ്രിതരായ ടി കമ്മിറ്റി അംഗങ്ങളെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. ഇതിലൂടെ വനാശ്രിതരായ ആദിവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വരുമാനവും ലഭ്യമാക്കുവാൻ സാധിക്കുന്നു.

ഇതോടൊപ്പം കേരള സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ വിവിധ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ കലാ സാംസ്കാരിക പ്രവർത്തനങ്ങളും വനം വകുപ്പ് നടത്തി വരുന്നുണ്ട്. ആദിവാസി ഊരുകളിൽ 'കതിർ' എന്ന പേരിൽ ലൈബ്രറികൾ സ്ഥാപിക്കുകയും ദൃശ്യകല ക്യാമ്പുകൾ സങ്കടിപ്പിക്കുകയും ചെയ്തു വരുന്നു. ആദിവാസി സമൂഹത്തിലെ അംഗങ്ങളായ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പെൺകുട്ടികൾക്ക് വനം വകുപ്പ് 'സൃഷ്ടി' സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

2006-ലെ വനാവകാശ നിയമം നടപ്പാക്കുന്നതിൽ നോഡൽ ഏജൻസിയായ പട്ടിക വർഗ്ഗ വിവകസന വകുപ്പിനോടും, റവന്യൂ വകുപ്പിനോടും ചേർന്ന് ആവശ്യമായ സഹായ സഹകരണങ്ങൾ വനം വകുപ്പ് നൽകി വരുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിലൂടെ വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ കൈവശ ഭൂമിയിന്മേൽ വ്യക്തിഗത കൈവശാവകാശ രേഖ നൽകുന്നതിനും അവരുടെ സാമൂഹികവും വികസനപരവുമായ അവകാശങ്ങളും നൽകുന്നതിനും സാധിക്കുന്നു.

ഇത്തരത്തിൽ വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക വഴി വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും, ജീവിത നിലവാര ഉയർച്ചയും അവരെ മുഖ്യധാരയിലേക്ക്

| | | | |
|---|---|---|---|
| | | | കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും വനം വകുപ്പിന് സാധിക്കുന്നു. |
| (സി) | വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന ജനവിഭാഗങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | 1993-94-ലെ കേരള സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ വനത്തിൽ വസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് "Personal Accident Insurance Scheme" നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി വഴി 01.04.1995 മുതൽ കേരളത്തിലെ വനത്തിനു ള്ളിലും വനാതിർത്തികളിലും താമസിക്കുന്നപട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർക്ക് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. നിലവിലെ 'ഗ്രൂപ്പ് പേഴ്സണൽ ആക്സിഡൻറ് പോളിസി' വഴി വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന 18750 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇടിമിന്നലേറ്റുള്ള മരണം, മുങ്ങി മരണം, മരത്തിൽ നിന്ന് വീഴ്ച, ഭക്ഷ്യവിഷബാധ, വൈദ്യുതാഘാതം, മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി എന്നിവ കാരണമുള്ള മരണത്തിനും, സ്ഥായിയായ അംഗവൈകല്യത്തിനും 1,00,000/-രൂപയും അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5,000/-രൂപയും ആശുപത്രി യാത്ര ചെലവിന് 1,000/-രൂപയും, വന്യജീവി ആക്രമണം മൂലമോ, പ്രകൃതിക്ഷോഭം മൂലമോ വീടുകൾക്ക് കേടുപാടുകൾ ഉണ്ടായാൽ 5,000/-രൂപയും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. കൂടാതെ വനത്തിന് പുറത്ത് താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണം മൂലമുള്ള അപകട മരണത്തിന് 1,00,000/-രൂപയും, ആശുപത്രി ചികിത്സാ ചെലവിനായി 5,000/-രൂപയും ഈ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൻറെ പരിധി ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും വനം വകുപ്പ് ഇൻഷ്വറൻസ് പ്രീമിയം പുതുക്കി വരുന്നു. നിലവിലെ ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 16.03.2023 മുതൽ 15.03.2024 വരെയാണ്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചു പൂർത്തീകരിച്ചു വരുന്നു. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ്. റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്ന നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് വനാതിർത്തി ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഒരു **Standard Operating Procedure (SOP)** തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേരള സർക്കാരിൻ്റെ സർവ്വേ & ലാൻ്റ് റെക്കോഡ്സ് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റലൈസ്ഡ് സർവ്വേയുടെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് മിനിസർവ്വേ ഓഫീസിൽ ഏറ്റവും' ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിൻ്റെ ഭാഗമായി വനമേഖലകളിൽ നിരന്തരമായ പട്രോളിംഗ്, വൾണറബിൾ ഏര്യ മാപ്പിംഗ്, ക്യാമറ ട്രാപ്പിംഗ്' എന്നിവയും മറ്റു പരിശോധനകളും നടത്തി വരുന്നു. പട്രോളിംഗിന് **Mstripes** എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും ആയതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നതുമൂലം സമീപവർഷങ്ങളിലുണ്ടായ മുഴുവൻ കയ്യേറ്റശ്രമങ്ങളും പരാജയപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി സമൂഹം ഉൾപ്പെടെയുള്ള വനാശ്രിതരും, തദ്ദേശവാസികളും അംഗങ്ങളായിട്ടുള്ള ഇ.ഡി.സി.കളുടെ സജീവ പങ്കാളിത്തത്തോടെ വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്.

വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വനത്തിനുള്ളിൽ താമസിക്കുന്ന വനാശ്രിത സമൂഹത്തിൻ്റെ ഉന്നമനത്തിനായി വിവിധ പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വന സംരക്ഷണ, വന വൽക്കരണ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് **1988**-ലെ ദേശീയ വന നയത്തിൻ്റെ ഭാഗമാണ്. ഇതിൻ്റെ ഭാഗമായി **1998** മുതൽ കേരളത്തിൽ പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഇതിനായി വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ച **36** വന വികസന ഏജൻസികൾക്കു കീഴിലായി **427** വന സംരക്ഷണ സമിതികളും **(VSSs)**, **213** ഇക്കോ ഡെവലപ്മെൻ്റ് കമ്മിറ്റികളും **(EDCs)** രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ടി **VSS/EDC** കളിൽ തദ്ദേശവാസികളായ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതർ അംഗങ്ങളാണ്. ടി സമിതികളെ വനം വകുപ്പ് നടപ്പാക്കുന്ന വിവിധ വന വൽക്കരണ, വന പരിപാലന പദ്ധതികളിൽ പങ്കാളികളാക്കി വരുന്നു. ഇത്തരത്തിൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി **(GIM)**, നഗർ വൻ യോജനയ്ക്ക് കീഴിലെ പദ്ധതികൾ, വൻ ധൻ വികാസ് യോജനയ്ക്ക് **(VDVK)** കീഴിലെ പദ്ധതികൾ, **MSP for MFP** പദ്ധതി തുടങ്ങിയ വന സംരക്ഷണ / വന വൽക്കരണ പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. വനാശ്രിത സമൂഹത്തിൻ്റെ പങ്കാളിത്തത്തോടെ വന പരിപാലനത്തിന് കീഴിൽ വനം വകുപ്പ് നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് "ഇക്കോടൂറിസം". കേരളത്തിൽ നിലവിൽ **71** അംഗീകൃത ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. അതാത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന

VSS/EDC കളാണ് ടി ഇക്കോടൂറിസം പദ്ധതിയുടെ നടത്തിപ്പ് പരിപാലന ചുമതലകൾ നിർവഹിക്കുന്നത്. ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷക്കായും പദ്ധതി പ്രദേശത്തിലെ മാലിന്യ നിർമാർജ്ജനത്തിനും പരിപാലനത്തിനുമായി സമിതി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചു വരുന്നു. ഏകദേശം 2100 വനാശ്രിത സമൂഹത്തിലെ അംഗങ്ങളെ ഇത്തരത്തിൽ ഗൈഡുകളായി നിയോഗിച്ചു വരുന്നു. ഇതിലൂടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക്, പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിത നിലവാരം ഉയരുന്നതിനും സഹായകരമാകുന്നു.

കേരളത്തിലെ വനങ്ങളിൽ ലഭ്യമാകുന്ന ചെറുകിട വനവിഭവങ്ങളുടെ ശേഖരണവും വിപണനവുമാണ് വനാശ്രിതരായ ആദിവാസികളുടെ പ്രധാന ഉപജീവന മാർഗം. വനത്തിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന വന വിഭവങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധനവ് നടത്തി വനം വകുപ്പിൻറെ ആഭിമുഖ്യത്തിൽ "വനശ്രീ" പദ്ധതി വഴി വിപണനം ചെയ്യുന്നു. ഇതിലൂടെ മധ്യവർത്തികളുടെ ഇടപെടൽ കൂടാതെ തങ്ങളുടെ വന വിഭവങ്ങൾ ആദിവാസി സമൂഹത്തിന് വിപണനം ചെയ്യുന്നതിനും അതിലൂടെ ടി വിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും അങ്ങനെ അവരുടെ ജീവിത നിലവാര ഉയർച്ചക്ക് ഉതകുകയും ചെയ്യുന്നു. നിലവിൽ കേരളത്തിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 74 വനശ്രീ ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു. ടി ഇക്കോഷോപ്പുകളുമായി ബന്ധപ്പെട്ട സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ പ്രവർത്തനങ്ങളിൽ ആദിവാസികൾ ഉൾപ്പെടെ VSS/EDC അംഗങ്ങളെ പങ്കാളികളാക്കുന്നു. അതിലൂടെ അവർക്ക് കൂടുതൽ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് കഴിയുന്നു. കൂടാതെ സംസ്ഥാനത്തെ വന പ്രദേശങ്ങളിൽ നടപ്പാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ 50% പ്രവർത്തനങ്ങൾ VSS/EDCകൾ വഴിയാണ് നടപ്പാക്കുന്നത്. വനാശ്രിതരായ ടി കമ്മിറ്റി അംഗങ്ങളെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. ഇതിലൂടെ വനാശ്രിതരായ ആദിവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വരുമാനവും ലഭ്യമാക്കുവാൻ സാധിക്കുന്നു. ഇതോടൊപ്പം കേരള സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ വിവിധ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ കലാ സാംസ്കാരിക പ്രവർത്തനങ്ങളും വനം വകുപ്പ് നടത്തി വരുന്നുണ്ട്. ആദിവാസി ഊരുകളിൽ 'കതിർ' എന്ന പേരിൽ ലൈബ്രറികൾ സ്ഥാപിക്കുകയും ദൃശ്യകല ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. ആദിവാസി സമൂഹത്തിലെ അംഗങ്ങളായ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പെൺകുട്ടികൾക്ക് വനം വകുപ്പ് 'സൃഷ്ടി' സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. 2006-ലെ വനാവകാശ നിയമം നടപ്പാക്കുന്നതിൽ നോഡൽ ഏജൻസിയായ പട്ടിക വർഗ്ഗ വികസന വകുപ്പിനോടും, റവന്യൂ വകുപ്പിനോടും ചേർന്ന് ആവശ്യമായ സഹായ സഹകരണങ്ങൾ വനം വകുപ്പ് നൽകി വരുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിലൂടെ വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ കൈവശ ഭൂമിയിന്മേൽ വ്യക്തിഗത കൈവശാവകാശ രേഖ നൽകുന്നതിനും അവരുടെ സാമൂഹികവും വികസനപരവുമായ അവകാശങ്ങളും നൽകുന്നതിനും സാധിക്കുന്നു.

ഇത്തരത്തിൽ വനം വകുപ്പിൻ്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക വഴി വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും, ജീവിത നിലവാര

ഉയർച്ചയ്ക്കും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും വനം വകുപ്പിന് സാധിക്കുന്നു.

1993-94-ലെ കേരള സർക്കാരിൻ്റെ ബജറ്റ് പ്രസംഗത്തിൽ വനത്തിൽ വസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 'Personal Accident Insurance Scheme' നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിൻ്റെ അടിസ്ഥാനത്തിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി വഴി 01.04.1995 മുതൽ കേരളത്തിലെ വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർക്ക് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. നിലവിലെ 'ഗ്രൂപ്പ് പേഴ്സണൽ ആക്സിഡൻ്റ് പോളിസി' വഴി വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന 18750 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇടിമിന്നലേറ്റുള്ള മരണം, മുങ്ങി മരണം, മരത്തിൽ നിന്ന് വീഴ്ച. ഭക്ഷ്യവിഷബാധ, വൈദ്യുതാഘാതം, മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി എന്നിവ കാരണമുള്ള മരണത്തിനും, സ്ഥായിയായ അംഗവൈകല്യത്തിനും 1,00,000/-രൂപയും അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5,000/-രൂപയും ആശുപത്രി യാത്ര ചെലവിന് 1,000/-രൂപയും, വന്യജീവി ആക്രമണം മൂലമോ, പ്രകൃതിക്ഷോഭം മൂലമോ വിടുകൾക്ക് കേടുപാടുകൾ ഉണ്ടായാൽ 5,000/-രൂപയും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. കൂടാതെ വനത്തിന് പുറത്ത് താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണം മൂലമുള്ള അപകട മരണത്തിന് 1,00,000/-രൂപയും, ആശുപത്രി ചികിത്സാ ചെലവിനായി 5,000/-രൂപയും ഈ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൻ്റെ പരിധി ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും വനം വകുപ്പ് ഇൻഷ്വറൻസ് പ്രീമിയം പുതുക്കി വരുന്നു. നിലവിലെ ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 16.03.2023 മുതൽ15.03.2024 വരെയാണ്.